"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2025-26- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' പദ്ധതിയ്ക്ക്- തുക അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3/2026/HSG തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 54/2025/HSG തീയതി 19.12.2025

2. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 25-12-2025-ലെ KSHB-HO/306/2025-AF1 നമ്പർ കത്ത്.

**ഉത്തരവ്**

'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' പദ്ധതി നടപ്പാക്കുന്നതിന് 2025-26 സാമ്പത്തിക വർഷം 2216-80-103-99(38) എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന ₹232 ലക്ഷത്തിൽ നിന്നും പദ്ധതി ശിപാർശയിലുൾപ്പെടുത്തിയിരുന്ന ഐറ്റം നം.4 ഒഴിവാക്കി പദ്ധതി നടപ്പിലാക്കുന്നതിന് ₹132 ലക്ഷം രൂപയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്.

2. 'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' പദ്ധതിയുടെ ഭാഗമായി ചെയ്ത പ്രവർത്തികളുടെ ബിൽ പെയ്മെന്റുകൾ, കമ്പ്യൂട്ടർ, ഓഫീസ് ഉപകരണങ്ങൾ വാങ്ങൽ, വെബ്സൈറ്റ് അപ്ഗ്രഡേഷൻ, സി.സി.ടി.വി സ്ഥാപിക്കൽ, ഫർണീച്ചർ വാങ്ങൽ, ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾ എന്നിവയ്ക്കായി 132 ലക്ഷ രൂപ അനുവദിക്കണമെന്ന് ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 'ട്രെയിനിംഗ് പ്ലാൻ ആന്റ് ഓഫീസ് ഓട്ടോമേഷൻ' പദ്ധതി നടപ്പിലാക്കുന്നതിനായി 2216-80-103-99(38) എന്ന ശീർഷകത്തിൽ നിന്നും ₹46,20,000/- (നാല്പത്തിയാറു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1. 16.04.2018-ലെ സ. ഉ. (പി) നം. 62/2018/ധന-യിലെ വ്യവസ്ഥയ്ക്കനുസൃതമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2. 09.12.2008-ലെ സർക്കുലർ നം. 84/2008/ധനയിലെയും 30.01.2018-ലെ സർക്കുലർ നം. 08/2018/ധനയിലെയും, 11.09.2020- ലെ സ.ഉ. (കൈ) നം. 93/2020/ധന-ലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3.അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സാക്ഷ്യപത്രവും തുടർന്നുള്ള റിലീസിന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

4.വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് ആ സാമ്പത്തിക വര്‍ഷം തന്നെ തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ & ഇ), കേരള, തിരുവനന്തപുരം
3. ധനകാര്യ (പി. യു.സി) വകുപ്പ് (3202643/PU-C3/104/2025-FIN dated 20.01.2026)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 22-01-2026 17:16:05
സെക്ഷൻ ഓഫീസർ